# പന്തപ്ലാക്കൽ കുടുംബസംഗമം
## 18-ാം സമ്മേളന റിപ്പോർട്ട്

Date: 11-01-2020

## മാത്യൂ പൈക, പാല

ആദിമസഭയിൽ ക്രൈസ്തവർ വിശ്വാസികളായി വളർന്നത് കുടുംബസദസ്സുകളിലാണ്, ഭവനസദസ്സുകളിലാണ്. കുടുംബം സഭയുടേയും സമൂഹത്തിന്റേയും അടിസ്ഥാനശില യാണ്. ക്രൈസ്തവന്റെ ജീവിതം കൂട്ടായ്മയുടെ ജീവിതമാണ്. സാഹോദര്യത്തിന്റെയും, സ്നേഹത്തിന്റെയും പങ്കുവെയ്ക്കലിന്റെയും ജീവിതമാണ്. മറ്റുള്ളവരിൽ ദൈവത്തെ കണ്ടുകൊണ്ട് അവരെ സ്നേഹിക്കുവാൻ നമുക്ക് പരിശ്രമിക്കാം. സ്നേഹത്തിന്റെ ചൂടും, ബന്ധങ്ങളുടെ ഊഷ്മളതയും, പ്രാർത്ഥനയുടെ ചൈതന്യവും മനസ്സിലാക്കി ഓരോ വ്യക്തിയേയും കൂടുതൽ മനസ്സിലാക്കാനും അറിയുവാനും നമുക്കോരുത്തർക്കും കഴിയട്ടെ.

## 18-ാം വാർഷിക സമ്മേളനം

ഇന്ത്യയിലെ പ്രഥമ വിശുദ്ധയായ വി. അൽഫോൻസാമ്മയുടെ കബറിടം സ്ഥിതി ചെയ്യുന്നതും, കേരളത്തിലെ ലിസ്യൂ എന്നറിയപ്പെടുന്നതും, ലോകത്തിലെ ഏറ്റവും വലിയ ആത്മായ സംഘടനയായ ചെറുപുഷ്പമിഷൻലീഗ് സ്ഥാപിതവും ആയ ഭരണങ്ങാനത്തോടു ചേർന്നു കിടക്കുന്നതുമായ പൈക എന്ന ഗ്രാമത്തിൽ ശ്രീ. മാത്തുക്കുട്ടിയുടെ ഭവനത്തിൽ 2020 ജനുവരി 11-ാം തീയതി ശനിയാഴ്ച പ്രത്യേകം അലങ്കരിച്ച പന്തലിൽ 18-ാം വാർഷിക സമ്മേളനം നടന്നു. ഈ കുടുംബയോഗം നടത്താൻ ഏറ്റിരുന്ന മാത്തുക്കുട്ടിയുടെ ജേഷ്ഠൻ വിദേശത്തുള്ള ജെയ്സന് ജനുവരിയിലേ അവധിക്കുവരാൻ സാധിക്കുമായിരുന്നുള്ളു. അതുകൊണ്ട് 25/08/19 ൽ ശ്രീ മാത്തുക്കുട്ടി പൈകയുടെ വീട്ടിൽ വെച്ച് നടന്ന എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ തീരുമാനപ്രകാരം കുടുംബയോഗം 2020 ജനുവരി 11-ാം തീയതിയിലേക്ക് ക്രമീകരിക്കുകയായിരുന്നു.

8.30 ന് പൈക സെന്റ് ജോസഫ് പള്ളിയിൽ തോമസച്ചനും ജോൺസനച്ചനും ചേർന്ന് ദിവ്യബലിയും ഒപ്പീസും അർപ്പിച്ചു. വളരെ പെട്ടെന്ന് തന്നെ മാത്തുക്കുട്ടിയുടെ ഭവനത്തിൽ എത്തി പ്രഭാതഭക്ഷണവും രജിസ്ട്രേഷനും നടത്തി. അതിനുശേഷം കൃത്യം 10.30 ന് ഉദ്ഘാടനസമ്മേളനം ഈശ്വരപ്രാർത്ഥനയോടുകൂടി ആരംഭിച്ചു.

മാത്തുക്കുട്ടി പന്തപ്ലാക്കൽ പൈക സ്വാഗതം പറഞ്ഞു. സെന്റ് ജോസഫ് ചർച്ച് പൈക വികാരി റവ: ഫാദർ ജോസഫ് പൂവത്തുങ്കൽ ലോകത്തിന്റെ നാനാഭാഗത്തു കിടക്കുന്നവർ വർഷത്തിലൊരിക്കൽ ഇതുപോലെ ഒത്തുകൂടി പരസ്പരം സ്നേഹം പങ്ക് വെയ്ക്കാനും കാണുവാനുമുള്ള അവസരം ഇന്നത്തെ കാലഘട്ടത്തിൽ വളരെ അത്യാവശ്യമാണെന്ന് ചുരുക്കത്തിൽ ആശംസിച്ചുകൊണ്ട് തിരക്കുമൂലം പോയി.

തുടർന്ന് ശ്രീ. മാണി സി. കാപ്പൻ എം. എൽ.എ ഉദ്ഘാടന കർമ്മം നിർവഹിച്ചുകൊണ്ട് പ്രസംഗിച്ചു. പന്തപ്ലാക്കൽ കുടുംബയോഗത്തിന്റെ പങ്കാളിത്വം കണ്ടപ്പോൾ ഇത്രയും കുടംബങ്ങൾ ഉണ്ടെന്നതിൽ അതിശയം തോന്നി. പിന്നോക്കം നിൽക്കുന്ന കുടുംബാംഗങ്ങളെ സഹായിക്കാൻ അവരേയും മുൻപന്തിയിലേക്കുകൊണ്ടുവരാനുള്ള ഒരു ശ്രമം ആണ്

ഏറ്റവും ആവശ്യം. അതിൽ ഈ യോഗവും പ്രാധാന്യം കൊടുക്കട്ടെ എന്ന് ആശംസിക്കുന്നു. ക്ഷണിച്ചതിന് നന്ദി പറഞ്ഞുകൊണ്ട് നിർത്തി. തിരക്കുകാരണം പോയി.

തോമസച്ചൻ ആമുഖ പ്രസംഗം നടത്തി. ഈ കുടുംബത്തിന്റെ രക്ഷാധികാരി എന്ന നിലയിൽ രക്ഷ നിങ്ങളിലൂടെ കണ്ടെത്താൻ ഞാൻ ശ്രമിക്കുന്നു. മലബാറിൽ ഓടന്തോട് ഒരു മാസത്തിനുള്ളിൽ 2 മരണം നടന്നു. 43 വയസ്സുള്ള ഒരാൾ കുട്ടികളെ രക്ഷിക്കാനുള്ള ശ്രമത്തിൽ കടലിൽ തിരയിൽപ്പെട്ടു മരിച്ചു. രണ്ടുപേരും നോട്ടീസിൽ ഇല്ല. അവർക്കുവേണ്ടി ഒരു നിമിഷം പ്രാർത്ഥിക്കാം. നമ്മൾ സന്തോഷം മറ്റുള്ളവരുമായി പങ്കുവച്ചു സന്തോഷിക്കണം. ഈ യോഗങ്ങളിലൂടെ പരസ്പരം കൂടുതൽ അറിയാനും പരിചയപ്പെടാനും സാധിക്കണം. ഒത്തിരി കുടുംബങ്ങളെ കൂട്ടിയോജിപ്പിക്കാൻ സാധിച്ചു. മുതിർന്നവർക്കും, യുവജനങ്ങൾക്കും കൊച്ചുങ്ങൾക്കും പരസ്പരം ബന്ധപ്പെടാൻ അവസരം നൽകണം. ത്യാഗം കൂടാതെ സഹനം കൂടാതെ ഒന്നും വിജയിക്കില്ല. അതുകൊണ്ടാണ് ഈശോതന്നെ സഹനത്തിലൂടെ നമുക്ക് ബോദ്ധ്യപ്പെടുത്തി തന്നത്. തലമുറകളെ കൂട്ടിയോജിപ്പിച്ചു കൊണ്ടുപോകാൻ പുതിയ തലമുറയിലേക്ക് കൈമാറണം ആളുകളുടെ സാന്നിധ്യക്കുറവ് മൂലം അച്ചൻ വികാരനിർഭരനായി പറഞ്ഞു. എന്റെ സ്വന്തം എന്ന നിലയിൽ ഉത്തരവാദിത്വത്തോടെ തലേദിവസം തന്നെ എത്തുന്നു. എനിക്കും അത്യാവശ്യങ്ങൾ ഉണ്ട്. അത് ഒരു ത്യാഗം ആണ് ആ ത്യാഗമനോഭാവത്തോടെ എത്താൻ പരിശ്രമിക്കണം. നേതൃത്വം ഏറ്റെടുക്കുന്നവരെ സഹായിക്കുകയും അവരോട് സഹകരിക്കുകയും ചെയ്താലേ ഈ യോഗങ്ങൾ സജീവമായി മുന്നോട്ട് പോകാൻ സാധിക്കുകയുള്ളൂ. നമ്മുടെ കൂട്ടായ്മയിൽ 22 ലേറെ സിസ്റ്റേഴ്സും 7 അച്ചന്മാരും ഉണ്ട്. നമുക്ക് അഭിമാനിക്കാം. തെറ്റുകൾ ആർക്കും പറ്റാം മറ്റുള്ളവർ വൈദികരെക്കുറിച്ച് മറ്റും പറയുന്ന വിമർശനങ്ങൾ പൊതുവേദിയിലും കുട്ടികളുടെ മുമ്പിലും ഒന്നും പറയാൻ പാടില്ല. വാട്ട്സാപ്പിലും ഫെയ്സ്ബുക്കിലും കാണുന്ന കാര്യങ്ങൾ ഷെയർ ചെയ്ത് പാപത്തിൽ വീഴാതിരിക്കാൻ ശ്രദ്ധിക്കണം. പ്രാർത്ഥനയോടെ നിർത്തുന്നു.

## അദ്ധ്യക്ഷപ്രസംഗം - ശ്രീ ജോസ് ചേറ്റുതോട്

ഇന്ന് പലരുടെയും തുടങ്ങിവച്ച കുടുംബയോഗങ്ങൾ ഏതാനും വർഷത്തിനുശേഷം നിന്നുപോയി. നമുക്ക് തുടരാൻ സാധിച്ചു. പരമാവധി ആളുകളെ പങ്കെടുപ്പിച്ച് നന്നായി മുന്നോട്ടു കൊണ്ടുപോകാൻ പരിശ്രമിക്കാം.

## ആശംസാ പ്രസംഗങ്ങൾ

**ശ്രീമതി റെനി ബിജോയ് ഈറ്റത്തോട്ട് മീനച്ചിൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്–** ധാരാളം സിസ്റ്റേഴ്സും അച്ചന്മാരും ഉള്ള കുടുംബമാണെന്നറിഞ്ഞതിൽ സന്തോഷിക്കുന്നു. പരസ്പരം അറിയാനും മനസ്സിലാക്കാനും ഈ യോഗങ്ങൾ സഹായിക്കുന്നു. എല്ലാവരും ഉത്തരവാദിത്വത്തോടെ സഹകരിച്ചാൽ മാത്രമേ ഇത് വിജയിക്കുകയുള്ളൂ. എല്ലാവർക്കും ആശംസകൾ നേരുന്നു.

**സിജോ പൂവത്താനി– വാർഡ്മെമ്പർ** :– 18 വർഷം വിജയകരമായി കൊണ്ടുപോകാൻ സാധിച്ചു. എന്നറിഞ്ഞതിൽ സന്തോഷിക്കുന്നു. പിന്നോട്ടു വിമുഖരായി നിൽക്കുന്നവരുണ്ടെങ്കിൽ അവരെക്കൂടി മുന്നോട്ടുകൊണ്ടുവരാനുള്ള പ്രവർത്തനങ്ങൾ ആവിഷ്ക്കരിക്കണം. എല്ലാവിധ ഭാവുകങ്ങളും ആശംസകളും നേരുന്നു.

**റവ. ഫാദർ ജോൺസൺ പന്തപ്ലാക്കൽ സി.എം.ഐ-** അഭിനന്ദനങ്ങൾ നമ്മുടെ കൈയിലെ ഓരോ വിരലിനും ഓരോ ധർമ്മം ഉണ്ട്. ഒന്നിച്ച് പ്രവർത്തിക്കുമ്പോൾ വിജയിക്കാം പരസ്പരം ഊന്നുവടിയായിരിക്കണം. പരസ്പരം സഹകരിക്കണം. ഏവർക്കും ആശംസകൾ

**റവ.ഫാദർ എബ്രഹാം ഏരിമറ്റത്തിൽ-** കുടുംബയോഗം ഇത്രയും വർഷം നീണ്ടു നിന്നതിൽ സന്തോഷിക്കുന്നു. ആശംസകൾ നേർന്നു.

**റവ.ഫാദർ മൈക്കിൾ ചീരാംകുഴി** - വികാരി സെന്റ് ജോർജ്ജ് ചർച്ച് ഉരുളിക്കുന്നം-ബന്ധങ്ങൾ ഫോണിലും വാട്ട്സപ്പിലുമായി ചുരുങ്ങുന്ന, കുറഞ്ഞുപോകുന്ന ഈ കാലഘട്ടത്തിൽ ഇതുപോലുള്ള യോഗങ്ങൾ ബന്ധങ്ങൾ വർദ്ധിപ്പിക്കാൻ സഹായിക്കട്ടെ എന്ന് ആശംസിക്കുന്നു.

**ബേബി താമരശ്ശേരി** (മുൻപ്രസിഡന്റ്)- കുടുംബത്തിലെ നാഥൻ, നാഥ, മക്കൾ ഓരോരുത്തരും സ്നേഹത്തിലും സന്തോഷത്തിലും സമാധാനത്തിലും വർത്തിക്കുന്ന ആളുകളാകട്ടെ എന്ന് ആശംസിക്കുന്നു.

**റിപ്പോർട്ട്**

തങ്കച്ചൻ കൂട്ടിക്കൽ - റിപ്പോർട്ട് അവതരിപ്പിച്ചു. ആനി മേരി അഗസ്റ്റിൻ ഗാനം ആലപിച്ചു.

**ക്ലാസ്സ്**

ഡോ. ടി.സി തങ്കച്ചൻ - പ്രൊഫസർ സെന്റ് തോമസ് ട്രെയിനിംഗ് കോളേജ് പാലാ.

നമ്മുടെ ജിവിത കാഴ്ചപ്പാടുകൾ ചില ഓർമ്മകളും ഓർമ്മപ്പെടുത്തലുമാണ്. ജീവിതം എന്ന് പറയുന്നത് ബന്ധങ്ങളുടെ ഒരു സമാഹാരമാണ്.

ബന്ധം വർദ്ധിപ്പിക്കുക, വ്യാപിപ്പിക്കുക ഇതാണ് വേണ്ടത്. നശിച്ചുപോകാതെ ഇരിക്കുന്ന ഏകകാര്യം ബന്ധമാണ്. നമുക്ക് എല്ലാം ദാനമായി കിട്ടിയതാണ് എന്നുള്ള ഓർമ്മയായിരിക്കണം ബന്ധങ്ങൾ. അന്യം നിന്നുപോയിരിക്കുന്ന കാര്യം ധാർമ്മികതയാണ്. ധാർമ്മികതയുടെ മാനദണ്ഡം പണമല്ല ബന്ധങ്ങളുടെ അടിത്തറയിൽ ധാർമ്മികതയ്ക്ക് കൂടി പ്രാധാന്യം കൊടുക്കണം. ദൈവം എല്ലാവർക്കും ഓരോ നന്മകളും നൽകിയിട്ടുണ്ട്. എല്ലാവരും കുറവുകൾ കാണാനാണ് പരിശ്രമിക്കുന്നത്. ഓരോരുത്തരും നന്മകൾ കണ്ടുപിടിക്കുന്ന ശൈലിയിലേക്ക് നമ്മൾ വളരുമ്പോൾ ബന്ധം വർദ്ധിക്കും. എത്ര മോശം എന്ന് നാം കരുതുന്ന വ്യക്തിയിലും നന്മയുണ്ട്. അത് കാണാനുള്ള ധാർമ്മികതയാണ് ആവശ്യം. എല്ലാവരുമായുള്ള ബന്ധം ധാർമ്മികതയിലും ബന്ധങ്ങളിലും മുറുകെ പിടിച്ച്

നല്ല കുടുംബജീവിതം കെട്ടിപ്പടുക്കുവാൻ സാധിക്കട്ടെ. ക്ലാസ് അവസാനിച്ചു.

1 മണിക്ക് ഉച്ചഭക്ഷണം കഴിച്ചു. 1.30 ന് പരിചയപ്പെടൽ ചർച്ച.

സാമ്പത്തിക കാര്യങ്ങൾക്കും മറ്റാവശ്യങ്ങൾക്കും എന്തെങ്കിലും ആവശ്യം വന്നാൽ സഹായിക്കാൻ ജയ്സൺ തയ്യാറാണ് എന്നറിയിച്ചു. ഓരോ യോഗത്തിനും 50000 രൂപ നൽകാം എന്നും പറഞ്ഞു. ഒരു ജോയിന്റ് അക്കൗണ്ട് ഉണ്ടാക്കി പണം നിക്ഷേപിച്ച് ന്യായവും അർഹതയും നോക്കി കമ്മിറ്റിക്കാർക്ക് നൽകാം എന്നു പറഞ്ഞു.

എല്ലാവരും കയ്യടിച്ചു പാസ്സാക്കി. വാട്ട്സ്അപ്പിൽ എല്ലാരും മെസ്സേജ് അയച്ചാൽ ബുദ്ധിമുട്ടാണ് എന്ന് അഭിപ്രായപ്പെട്ടു. പുതിയതായി ഒരു ഒഫീഷ്യൽ വാട്ട്സ്അപ്പ് ഗ്രൂപ്പ് രൂപീകരിച്ച് അതിൽ ഇടാം എന്ന് സണ്ണി കപ്പാട് അഭിപ്രായപ്പെട്ടു. അത് നടക്കില്ല എന്ന് പറഞ്ഞു.

കോഴിക്കോട് കുറ്റ്യാടിക്കടുത്ത് പശുക്കടവിൽ ശ്രീ.ഷൈജി അടുത്ത കുടുംബയോഗം ഏറ്റെടുത്ത് നടത്താമെന്ന് പറഞ്ഞു. നവംബർ രണ്ടാംശനി തന്നെയായിരിക്കും. എല്ലാവരേയും സംഘടിപ്പിച്ച് പറ്റുന്ന അത്രയും ആളുകളെ കൊണ്ടു വരണമെന്ന് ഷൈജി ക്ഷണിച്ചു.

കുടുംബയോഗം വയ്ക്കാൻ ആഗ്രഹിക്കുന്ന വ്യക്തിക്ക് വീട്ടിൽ നടത്താൻ അസൗകര്യമുള്ള ഒറ്റപ്പെട്ട പ്രത്യേക സാഹചര്യം കണക്കിലെടുത്ത് വീടുവിട്ട് പള്ളി പാരിഷ് ഹാളിൽ നടത്താം എന്ന് തീരുമാനിച്ചു. വീട്ടിൽ സൗകര്യം ഉള്ളവർക്ക് അനുവദനീയമല്ല.

യുവജനങ്ങൾ പഠനത്തിനും ജോലിക്കുമായി മാറിപോകുന്നതുകൊണ്ട് അവരുടെ സഹകരണം ലഭിക്കുന്നില്ല. അതുകൊണ്ട് വിവാഹിതരായ 35 വയസ്സുവരെയുള്ളവരെക്കൂടി യുവജനങ്ങളുടെ കൂട്ടത്തിൽ ഉൾപ്പെടുത്തിയാൽ ഹൃദയസഞ്ചാർ പോലുള്ള പത്രം പുറത്തിറക്കാനും മറ്റും സാധിക്കും. ബോബി കൂരാലിയെ യൂത്തിനു നേതൃത്വം ഏറ്റെടുക്കാൻ ക്ഷണിച്ചു. അമൽ ജോസ് ചേറ്റുതോട്, അലീന , സെബാസ്റ്റ്യൻ ഇവരും ഉൾപ്പെടും. നോട്ടീസ് അച്ചടിക്കുന്നതിന് മുമ്പ് ഓരോ മേഖലയിലുമുള്ള നേതൃത്വത്തോട് വിളിച്ച് ചോദിച്ച് മരണങ്ങളും മറ്റും അറിയാൻ ശ്രമിക്കണം എന്ന് ബേബി താരമശ്ശേരി അഭിപ്രായപ്പെട്ടു.

3.55 ന് ഗ്രേറ്റ് ബ്രിട്ടന്റെ ഇടയൻ സ്രാമ്പിക്കൽ പിതാവ് എത്തി. മാത്തുക്കുട്ടി ബൊക്കെ നൽകി സ്വീകരിച്ചു സ്വാഗതം പറഞ്ഞു. പന്തപ്ലാക്കൽ മാത്തുക്കുട്ടിയുടെ കുടുംബവുമായി ചെറുപ്പം മുതൽ പരിചയമുണ്ട്. അടിച്ചു കളിച്ചു വളർന്നവരാണ്. പിതാവിന്റെ വല്യപ്പന്റെ പെങ്ങളെ പന്തപ്ലാക്കലാണ് കെട്ടിച്ചത്. അങ്ങനെ അടുപ്പം ഉണ്ട് സ്വന്തം കുടുംബത്തിൽ വന്ന പ്രതീതിയാണ്. കുട്ടികൾ വന്നപ്പോൾ കാണിച്ച സ്നേഹം, അവർക്കുകൊടുത്ത പരിശീലനത്തിൽ അഭിമാനിക്കുന്നു. ജയ്സൺ യു.കെയിൽ വളരെ സജീവമാണ്. ഈശോയിൽ നമ്മൾ എല്ലാവരും ഒന്നിച്ചു ചേരും. പരിശുദ്ധാത്മാവ് തരുന്ന ദാനമാണ്. പരിശുദ്ധാത്മാവ് ഒരു ഹാർമണിയാണ്. ഇതെല്ലാം പരിശുദ്ധാത്മാവിന്റെ പ്രവൃത്തിയാണ്. സ്വാർത്ഥതയാണ് ഇതിന്റെ എതിര്. അത് ഈ കൂട്ടായ്മയിൽ ഉണ്ടാകാതിരിക്കട്ടെ എന്ന് ആത്മാർത്ഥമായി ആഗ്രഹിക്കുന്നു. തോമസച്ചൻ ആത്മീയതയുടെ കാര്യങ്ങളിൽ വളരെ പ്രഗത്ഭനാണ്. ക്രിസ്തുമസിന്റെ വലിയ ഒരു അനുഭവം സന്തോഷം. ഈ സന്തോഷം കൂട്ടായ്മയിലാണ്. മനുഷ്യാവതാരത്തിലൂടെ ദൈവത്തിനു സ്ഥാനം – ഉത്ഥാനത്തിലൂടെ മനുഷ്യന് സ്ഥാനം. ഈശോയിൽ എല്ലാവർക്കും സന്തോഷം അനുഭവിക്കാൻ സാധിക്കട്ടെ. മരിച്ചുപോയ മാതാപിതാക്കളുടെയും പൂർവ്വികരുടെയും പാപങ്ങൾ തുടച്ചു നീക്കുന്നത് കുർബാനയിലാണ്. കുർബാനയിൽ പങ്കെടുത്ത് അവരുടെ എല്ലാ കുറവുകൾക്കും പരിഹാരമാകണം. നമ്മുടെ പ്രാർത്ഥന എന്താണോ അതാണ് വിശ്വാസം. സ്വർഗ്ഗത്തിൽ എത്തിപ്പെടാൻ പ്രാർത്ഥിക്കുന്നു. എല്ലാവരേയും പ്രാർത്ഥനയിൽ ഓർക്കുമെന്നും പ്രത്യേകിച്ച് കുഞ്ഞുങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കുമെന്നും എല്ലാവിധ ആശംസകളും നേർന്നുകൊണ്ട് അവസാനിപ്പിക്കുന്നു.

തോമസച്ചൻ പിതാവിന് നന്ദിയർപ്പിച്ചുകൊണ്ട് മത്തായിപ്പാപ്പനെ ആദരിക്കാൻ ക്ഷണിച്ചു. മത്തായിപ്പാപ്പന്റെ അടുത്തെത്തി പൊന്നാടയണിയിച്ചു.

**സമ്മാനദാനം**

സ്റ്റേജിൽ കലാപരിപാടികൾ അവതരിപ്പിച്ചവർക്കും, ഏതെങ്കിലും മേഖലയിൽ പ്രത്യേക മികവു തെളിച്ചവർ പത്താംക്ലാസ്, പ്ലസ്ടു പരീക്ഷയിൽ മുഴുവൻ വിഷയങ്ങൾക്കും എ പ്ലസ് നേടിയവർക്കും വടംവലി മത്സരത്തിൽ വിജയിച്ചവർക്കും പുരുഷവിഭാഗം ഫസ്റ്റ് തിരുവിതാംകൂർ സെക്കന്റ് മലബാർ ടീം, വനിതാവിഭാഗം ഫസ്റ്റ് മലബാർ ടീം സെക്കന്റ് തിരുവിതാംകൂർ എന്നിവർക്കും സമ്മാനം. പിതാവ് സമ്മാനങ്ങൾ നൽകി സമ്മാനം സ്പോൺസർ ചെയ്തത് ശ്രീ മാത്തുക്കുട്ടി പൈകയാണ്.

**സ്കോളർഷിപ്പ് വിതരണം** : പ്ലസ്ടുവിന് ഫുൾ എ പ്ലസ് നേടിയ വിദ്യാർത്ഥിക്ക് ശ്രീ പി.എം മാത്യു കിഴക്കമ്പലം 5001 രൂപ ക്യാഷ് അവാർഡ് നൽകി.

**ആദരാഞ്ജലികൾ**

കഴിഞ്ഞ കുടുംബയോഗത്തിനുശേഷം നമ്മളിൽ നിന്ന് വേർപിരിഞ്ഞ സനിൽ ജോസഫ് അണുങ്ങോട്, ജോസഫ് മുക്കുളം, ജോസ് ഫ്രാൻസിസ് മൈലംപെട്ടി, ഏലിക്കുട്ടി ദേവസ്യാ കരിപ്പുകാട്ടിൽ, അന്നമ്മ തോമസ് പൈസക്കരി, ത്രേസ്യാമ്മ ജോർജ് ചെങ്ങളം എന്നിവർക്ക് ആദരാഞ്ജലികൾ അർപ്പിച്ചു.

കുടുംബം യേശുനാമത്തിന്റെ ശക്തി, രോഗീനാഥൻ എന്നീ പുസ്തകങ്ങൾ എല്ലാവർക്കും നൽകി സന്തോഷം പ്രകടിപ്പിച്ചു.

**കൃതജ്ഞതത**

തോമസച്ചൻ കൃതജ്ഞത അർപ്പിച്ചു. നല്ല തീരുമാനങ്ങൾ നടപ്പിലാക്കി കുടുംബയോഗങ്ങൾ നല്ല രീതിയിൽ മുന്നോട്ടു പോകട്ടെ എന്നു പ്രാർത്ഥിച്ചുകൊണ്ട് നിർത്തി.

പ്രസിഡന്റ് കുടുംബയോഗം 5.30 ഓടുകൂടി പിരിച്ചുവിട്ടു. അടുത്ത കുടുംബയോഗത്തിൽ കാണാം എന്ന് ആശംസിച്ചു. ഈ റിപ്പോർട്ട് നിങ്ങളുടെ മുൻപിൽ സമർപ്പിക്കുന്നു.